(ഇ) മാനദണ്ഡം തെറ്റിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥലംമാറ്റം റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) ഗതാഗത വകുപ്പിൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. പൊതു മാനദണ്ഡമനുസരിച്ചാണ് സ്ഥലംമാറ്റം നടത്തുന്നത്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് പൊതു താല്പര്യപ്രകാരവും ഭരണപരമായ സൗകര്യം കണക്കിലെടുത്തും ഉദ്യോഗ സ്ഥന്മാരെ സ്ഥലം മാറ്റാവുന്നതാണ്.

(ഡി)&(ഇ) 13.10.98-ലെ 360/98/ട്രാൻ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം മലപ്പുറം ജോയിന്റ് ആർ.ടി.ഒ. ആയി നിയമിതനായ ഉദ്യോഗസ്ഥനെ നാളിതുവരെ സ്ഥലംമാറ്റിയിട്ടില്ല.

64 (1028) സ്ത്രീകളുടെ സീറ്റ് സംവരണം ഉറപ്പാക്കാൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകളുടെ സംവരണ സീറ്റ് അവർക്കുതന്നെ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ:

(ബി) യൂണിഫോമിലുള്ള പോലീസുകാർ അടക്കമുള്ളവർ സ്ത്രീകൾ ആവശ്യപ്പെട്ടാലും സീറ്റൊഴിഞ്ഞുകൊടുക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ ഇത്തരത്തിൽ പ്രവർത്തിച്ചാൽ അവർക്കെതിരെ പ്രത്യേക ശിക്ഷാ നടപടി സ്വീകരിക്കുമോ;

(ഡി) സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്ന സീറ്റിൽ സഞ്ചരിച്ച എത്ര പുരുഷന്മാരിൽനിന്നും 1999 ജനുവരി മുതൽ എത്ര രൂപ പിഴ ഈടാക്കി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്ത്രീകളുടെ സംവരണ സീറ്റ് അവർക്കുതന്നെ ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം കണ്ടക്ടർമാർക്കു നൽകിയിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട പരാതികൾ ഉണ്ടാകാറുണ്ട്.

(സി) ഇതിൽ വീഴ്ചവരുത്തുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെമേൽ അന്വേഷണവിധേയമായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. ബസുകളിൽ ഇത്തരം കുറ്റകൃത്യങ്ങൾക്കു പിഴയൊന്നും ഈടാക്കിയിട്ടില്ല.

65 (1029) കെ.എസ്.ആർ.ടി.സി.യിലെ ഡെയിലി വേജസ് തൊഴിലാളികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly